"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- പൊന്നാനി താലൂക്കിലെ മൂന്ന് നിർദ്ധന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കൈവശ ഭൂമി പതിച്ച് നൽകുന്നതിന് പൊന്നാനി തഹസിൽദാർക്ക് അനുവാദ പത്രിക/നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചു നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.55/2026/F&P തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 23/12/2025-ലെ DFTVM/3374/2020-N1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് കൈവശഭൂമി പതിച്ച് നൽകുന്നതിന് ഫിഷറീസ് വകുപ്പിന്റെ (സർവ്വേ നമ്പർ 65/1 ൽ) അനുവാദ പത്രിക/ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് നൽകണമെന്ന് പൊന്നാനി തഹസിൽദാർ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ജില്ലാ കളക്ടറും അഭ്യർത്ഥിച്ചിരുന്നു.

2) പൊന്നാനി തീരദേശ മേഖലയിലെ 3 നിർദ്ധന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചു. അപേക്ഷകർ താമസിക്കുന്ന സ്ഥലം ഫിഷറീസ് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങളിക്ക് ഉപയോഗിക്കാനുള്ള സാധ്യത ഇല്ലാത്തതാണെന്നും, ടി മത്സ്യത്തൊഴിലാളികൾക്ക് കൈവശ ഭൂമി പതിച്ച് നൽകുന്നതിന്, അവകാശ പത്രിക അല്ലെങ്കിൽ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. അപേക്ഷകർ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ കുടുംബസമേതം താമസിച്ചു വരുന്നത് സംബന്ധിച്ച് പൊന്നാനി ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം, അപേക്ഷകരുടെ പേരിൽ മറ്റു ഭൂമികൾ ഒന്നും തന്നെ ഇല്ല എന്ന വിവരം സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള പൊന്നാനി നഗരം വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, മേൽ ഭൂമി ഫിഷറീസ് വകുപ്പിന്റെ മറ്റു വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നില്ല എന്ന പൊന്നാനി മത്സ്യഭവൻ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം, ആധാർ കാർഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ്ബുക്കിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊന്നാനി താലൂക്കിലെ ഫിഷറീസ് വകുപ്പിന്റെ

അധീനതയിലുള്ള ഭൂമിയിൽ വർഷങ്ങളായി താമസിച്ചുവരുന്ന ചുവടെ ചേർത്തിരിക്കുന്ന മൂന്ന് നിർദ്ധന നിർദ്ധനരായ മത്സ്യത്തൊഴിലാളികൾക്ക് കൈവശഭൂമി പതിച്ച് നൽകുന്നതിന് പൊന്നാനി തഹസിൽദാർക്ക് അനുവാദ പത്രിക/നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചു നൽകുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, മേൽവിലാസം |
|---|---|
| 1 | ശ്രീമതി ഫാത്തിമ<br>വാർഡ് നമ്പർ - 47<br>W/o.ശ്രീ.അബ്ദുൾ കലാം,<br>കാർന്നോരകത്ത് ഹൗസ്, മുക്കാടി.<br>ഫോൺ: 9526353980 |
| 2 | ശ്രീമതി നൂർജഹാൻ,<br>W/o.ശ്രീ. മുഹമ്മദ്,<br>മുഖാറിന്റെ വീട്, ബംഗ്ലാവ് റോഡ്, മുക്കാടി<br>ഫോൺ: 8714454458 |
| 3 | ശ്രീമതി കദീജ,<br>W/o.ശ്രീ. ഫാറൂക്ക്,<br>മായീൻകുട്ടിക്കാനത്ത് ഹൗസ്, മുക്കാടി |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (C2/3/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Sabitha Shiju
Date: 21-01-2026 17:03:51